(എ) MGP പദ്ധതി പ്രകാരം ആരംഭിച്ച വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്ക് കെട്ടിടം പണി മാർച്ച് 31-നുശേഷം MGP ഫണ്ടിൽ നിന്നും പണം ലഭ്യമാകാത്തതുമൂലം പ്രവർത്തനം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പണി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ ;

(ഡി) പണി പൂർത്തീകരിച്ച് ഒ.പി. ബ്ലോക്ക് എന്ന് തുറക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) MGP പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഒ.പി. ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിനായി NRHM ഫണ്ടിൽനിന്നും തുക ലഭ്യമാക്കുന്നതിനുള്ള സാധ്യത ആരാഞ്ഞിട്ടുണ്ട്.

കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ വികസന പദ്ധതികൾ

30 (478) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയുടെ പുതിയ ഏഴുനിലക്കെട്ടിടത്തിൽ റാമ്പ്, സി.ടി സ്കാനർ എന്നിവ ഉൾപ്പെടെ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയുടെ പഴകി ജീർണ്ണിച്ച കെട്ടിടങ്ങൾ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധമായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഫാർമസി, റാമ്പ്, റേഡിയോളജി ബ്ലോക്ക് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുന്നതാണ്.

(ബി) ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് പഴകി ജീർണ്ണിച്ച കെട്ടിടങ്ങൾ പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly